LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവർത്തികൾ പരിശോധിച്ച് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതായ വിവിധ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നതായുള്ള പരാതികളൊന്നുംതന്നെ ധനവകുപ്പിൽ ലഭിച്ചിട്ടില്ല. എം.എൽ.എ.മാരുടെ നിർദ്ദേശങ്ങൾ അതീവ ഗൗരവത്തോടെയാണ് കൈകാര്യം ചെയ്യുവരുന്നത്. മറ്റ് വകുപ്പുകളിൽ ഇപ്രകാരമുള്ള പരാതി ലഭിച്ചിട്ടുണ്ടോയെന്നു ആയതിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കുവാൻ വകുപ്പുകൾക്ക് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിവരം ശേഖരിച്ചുനൽകുന്നതാണ്.

എം.എൽ.എ.-മാർക്ക് ഉത്തരവുകളുടെ പകർപ്പ്

5 (1827) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കണമെന്ന ഉത്തരവ് പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത്തരം ഉത്തരവുകൾ ഇറക്കുമ്പോൾ തന്നെ ആയത് സാമാജികരുടെ ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുന്നതിന് വകുപ്പുകൾക്ക് അടിയന്തര നിർദ്ദേശം നൽകുമോ ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾത്തന്നെ എം.എൽ.എ.മാർക്കുകൂടി ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് പാർലമെന്ററികാര്യ വകുപ്പിൽനിന്നും 7-5-2008-ൽ പുറപ്പെടുവിച്ച 1294/എ 2/07/പാ.കാ.വ. നമ്പർ സർക്കുലർ, 21-11-2011-ൽ പൊതുഭരണ (ഏകോപനം) വകുപ്പിൽനിന്നും പുറപ്പെടുവിച്ച 77369/സി.ഡി.എൻ. 4/11/പൊ.ഭ.വ. നമ്പർ സർക്കുലർ എന്നിവ നിലവിലുണ്ട്. കൂടാതെ ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നിർബന്ധമായി

പാലിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യ വിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ച് 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 142/12/പൊ.ഭ.വ. എന്ന ഉത്തരവും നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ സാമാജികരുടെ ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ശമ്പളപരിഷ്കരണ റിപ്പോർട്ട്

6 (1828) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് പൂർണ്ണമായി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ട് ലഭിക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ എന്നും റിപ്പോർട്ട് സംബന്ധിച്ച് എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിക്കുന്നതിന് മന്ത്രിസഭ ഉപ സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉപസമിതിയിൽ ആരൊക്കെയാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഇല്ല. ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി 13-8-2015-ലെ സ.ഉ.(കൈ) നമ്പർ 358/2015/ധന* പ്രകാരം മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. കമ്മീഷന്റെ കാലപരിധി 31-12-2015 വരെയാണ്.

(ബി) ഉണ്ട്. ധനകാര്യ-നിയമ-ഭവന നിർമ്മാണ വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, വ്യവസായ-വിവര സാങ്കേതികവിദ്യാ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, ജലസേചന വകുപ്പുമന്ത്രി എന്നിവരാണ് ഉപസമിതിയിലെ അംഗങ്ങൾ. ധനകാര്യമന്ത്രി രാജിവച്ച ഒഴിവിൽ ജലവിഭവ വകുപ്പുമന്ത്രിയെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly